# കോളേജ് വിദ്യാഭ്യാസ വകുപ്പ്
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സീനിയർ ക്ലാർക്കുമാർക്ക് സ്ഥാനക്കയറ്റം നൽകിയിരുന്ന പ്രാബല്യ തീയതി ഭേദഗതി വരുത്തിയും ക്ലാർക്കുമാർക്ക് സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയും ഉത്തരവാകുന്നു.

---

**ഉത്തരവ് നം.സി 2/14015/2014/കോവി.വ** **തീയതി: 16.01.2015**

---

പരാമർശം:- 1) 12.08.2010ലെ സി2/36657/2010/കോ.വി.വ നമ്പർ ഉത്തരവ്.
2) 22.06.2011ലെ സി2/36657/2010/കോ.വി.വ നമ്പർ ഉത്തരവ്.
3) 05.04.2014ലെ സി2/33006/2013/കോ.വി.വ നമ്പർ മുൻഗണനാ പട്ടിക.
4) 23.05.2014 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്ന സീനിയർ ക്ലാർക്ക്, ശ്രീമതി.പത്മാവതി.എം.എ, താൻ പട്ടിക വർഗ്ഗ വിഭാഗക്കാരിയായതിനാൽ യോഗ്യതാ പരീക്ഷ പാസായതിന്റെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ് റൂൾ 13 (എ) (2) പ്രകാരം മൂന്ന് വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത കരസ്ഥമാക്കണമെന്ന നിബന്ധനയനുസരിച്ച് ജൂനിയറിന് പ്രൊമോഷനായ തീയതിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്നറിയിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് സീനിയർ ക്ലാർക്ക്, ശ്രീമതി.എം.എ.പത്മാവതിയ്ക്ക്, ജൂനിയറായ (05.09.1989 മുതൽ 31.05.2001 വരെയുള്ള ക്ലാർക്കുമാരുടെ മുൻഗണനാ പട്ടികയിൽ 172-ാം സ്ഥാനത്തുള്ള) ശ്രീ. സജിത് ധനപാൽ, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം (2) പ്രകാരം പ്രൊമോഷനായ തീയതിയിൽ, താഴെപ്പറയുന്ന പ്രകാരം സ്ഥാനക്കയറ്റ പ്രാബല്യത്തീയതി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പ്രൊമോഷൻ നൽകിയിരുന്ന തീയതി | ടെസ്റ്റ് പാസായ മാസം/ വർഷം | പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|---|
| ശ്രീമതി.പത്മാവതി.എം.എ, സീനിയർ ക്ലാർക്ക് ഗവൺമെന്റ് കോളേജ്, മാനന്തവാടി | 01.03.2009 | 01/2009 | 04.12.2007 |

മേൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം നൽകിയിരുന്ന, സീനിയർ ക്ലാർക്ക് ശ്രീ. ജഗ്ദീപ്.കെ.എസ്, താൻ പട്ടികജാതി വിഭാഗക്കാരനായതിനാൽ യോഗ്യതാ പരീക്ഷ പാസായതിന്റെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ് റൂൾ 13 (എ) (2) പ്രകാരം മൂന്ന് വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത കരസ്ഥമാക്കണമെന്ന നിബന്ധനയനുസരിച്ച് ജൂനിയറിന് പ്രൊമോഷനായ തീയതിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്നറിയിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് സീനിയർ ക്ലാർക്ക്, ശ്രീ. കെ.എസ്. ജഗ്ദീപിന്, ജൂനിയറായ (01.06.2001 മുതൽ 31.12.2007 വരെയുള്ള ക്ലാർക്കുമാരുടെ മുൻഗണനാ പട്ടികയിൽ 81-ാം സ്ഥാനത്തുള്ള) ശ്രീമതി. വിമലാ വർഗ്ഗീസ്, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം (1) പ്രകാരം പ്രൊമോഷനായ തീയതിയിൽ, താഴെപ്പറയുന്ന പ്രകാരം സ്ഥാനക്കയറ്റ പ്രാബല്യത്തീയതി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പ്രൊമോഷൻ നൽകിയിരുന്ന തീയതി | ടെസ്റ്റ് പാസായ മാസം/ വർഷം | പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|---|
| ശ്രീ. ജഗ്ദീപ്.കെ.എസ്, സീനിയർ ക്ലാർക്ക് ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് & ഫൈൻ ആർട്സ്, തൃപ്പൂണിത്തുറ | 01.04.2010 | 07/2009 | 01.01.2009 |

മേൽ പരാമർശം (3) ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.പ്രമോദ്. ജെ, വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും ഈ വകുപ്പിൽ തിരികെ പ്രവേശിച്ചത് 28.11.2013ന് ആണെന്നും ആയതിനാൽ പ്രൊമോഷൻ പ്രാബല്യത്തീയതി 28.11.2013 ആയി ഭേദഗതി ചെയ്ത് നൽകണമെന്നും അപേക്ഷിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ അപേക്ഷ പരിശോധിച്ച് ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ തിരികെ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ താഴെപ്പറയും പ്രകാരം പ്രാബല്യത്തീയതി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പ്രൊമോഷൻ നൽകിയിരുന്ന തീയതി | ഭേദഗതി വരുത്തിയ പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|
| ശ്രീ. പ്രമോദ്. ജെ, സീനിയർ ക്ലാർക്ക് എസ്.എ.ആർ.ബി.റ്റി.എം ഗവൺമെന്റ് കോളേജ്, കൊയിലാണ്ടി | 20.11.2013 | 28.11.2013 |

23.02.2014നു ശേഷം ഈ വകുപ്പിൽ പ്രൊമോഷൻ/ ഡെപ്യൂട്ടേഷൻ/ തസ്തിക സൃഷ്ടിക്കൽ/ റിട്ടയർമെന്റ് എന്നീ ഇനങ്ങളിലായി ഉണ്ടായ സീനിയർ ക്ലാർക്ക് തസ്തികയിലെ ആദ്യ 4 ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഒഴിവ് | തീയതി |
|---|---|---|
| 1 | ശ്രീ. അനിൽ.ഡി.ആർ, സീനിയർ ക്ലാർക്ക്, അന്യത്ര സേവനത്തിൽ പ്രവേശിച്ച ഒഴിവ് | 28.02.2014 |
| 2 | 31.05.2014 ലെ സ.ഉ. (എം.എസ്)224/2014/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013-14ൽ ആരംഭിച്ച കോളേജുകളിൽ സൃഷ്ടിച്ച 18 ക്ലാർക്ക് തസ്തികകളിൽ നിന്നും ആദ്യ 3 ഒഴിവുകൾ | 31.05.2014 |
| 3 | | 31.05.2014 |
| 4 | | 31.05.2014 |

ഈ നാല് ഒഴിവുകളിലേയ്ക്ക് താഴെപ്പറയുന്ന ക്ലാർക്കുമാർക്ക് ₹ 13210-22360 ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകി അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ക്ലാർക്ക് തസ്തിക, സീനിയർ ക്ലാർക്ക് തസ്തികയായി ഉയർത്തി സ്ഥാനക്കയറ്റം നൽകി / ക്രമീകരിച്ച് ഉത്തരവാകുന്നു.

ക്ലാർക്ക്, ശ്രീ. രാജീവ്കുമാർ.കെ.വി, താൻ പട്ടികജാതി വിഭാഗക്കാരനായതിനാൽ യോഗ്യതാ പരീക്ഷ പാസായതിന്റെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ് റൂൾ 13 (എ) (2) പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്നറിയിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച് ക്ലാർക്ക്, ശ്രീ. കെ.വി. രാജീവ്കുമാറിന്, ജൂനിയറായ (പരാമർശം(3) പ്രകാരമുളള 03.11.2003 മുതൽ 01.01.2013 വരെയുള്ള ക്ലാർക്കുമാരുടെ മുൻഗണനാ പട്ടികയിൽ 114-ാം സ്ഥാനത്തുള്ള) ശ്രീ.ശരത്കുമാർ.എസ്, സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പരാമർശം (4) പ്രകാരം പ്രൊമോഷനായ തീയതിയിൽ, താഴെപ്പറയുന്ന പ്രകാരം സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | മുൻഗണനാ പട്ടികയിലെ ക്രമ നം. | ടെസ്റ്റ് പാസായ മാസം/ വർഷം | പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | ശ്രീ. രാജീവ് കുമാർ.കെ.വി ക്ലാർക്ക്, ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം. | 104 | 01/2014 | 20.11.2013 |

ക്ലാർക്ക് (ഹയർ ഗ്രേഡ്) ശ്രീ. ആൻഡ്രൂസ്.പി, 50 വയസ് പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരന് 50 വയസ് പൂർത്തിയായ

തീയതിക്കു ശേഷം വന്നിട്ടുള്ള ആദ്യ ഒഴിവിൽ താഴെപ്പറയുന്ന പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | മുൻഗണനാ പട്ടികയിലെ ക്രമ നം. | 50 വയസ് പൂർത്തിയായ തീയതി | പ്രൊമോഷൻ പ്രാബല്യ തീയതി |
|---|---|---|---|---|
| 2 | ശ്രീ. ആൻഡ്രൂസ്. പി,<br>കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | 80 | 20.05.2014 | 01.06.2014 |

താഴെ സൂചിപ്പിച്ചിട്ടുള്ള പട്ടികജാതി വിഭാഗക്കാരായ ക്ലാർക്കുമാർ കെ.എസ് & എസ്.എസ് റൂൾ 13 (എ) (2) പ്രകാരം സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ടെന്നറിയിച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ഈ ഉത്തരവിന്റെ തീയതി പ്രാബല്യത്തിൽ അവർക്ക് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം | മുൻഗണനാ പട്ടികയിലെ ക്രമ നം | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | പ്രാബല്യ തീയതി |
|---|---|---|---|
| 3 | 05.09.1989 മുതൽ 31.05.2001 വരെയുള്ള ക്ലാർക്കുമാരുടെ മുൻഗണനാ പട്ടികയിൽ 103 | ശ്രീമതി. ബിന്ദു.വി.ജി, ക്ലാർക്ക്<br>(ഹയർ ഗ്രേഡ്)<br>ഗവൺമെന്റ് കോളേജ്, മടപ്പള്ളി | 16.01.2015 |
| 4 | 124 | ശ്രീമതി. ശ്രീദേവി.കെ,<br>കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്,<br>കൊല്ലം | 16.01.2015 |

ഈ ഉത്തരവ് പ്രകാരം സീനിയർ ക്ലാർക്കായി പ്രൊമോഷൻ നൽകിയിട്ടുള്ള ശ്രീമതി.ബിന്ദു.വി.ജി, ശ്രീമതി. ശ്രീദേവി.കെ എന്നിവർ കെ.എസ് & എസ്.എസ് റൂൾ 13 (എ) (2)ൽ സൂചിപ്പിച്ചിട്ടുള്ള കാലാവധിയായ മൂന്നു വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത കരസ്ഥമാക്കുന്നില്ലെങ്കിൽ ഇവരെ ക്ലാർക്കുമാരായി തരംതാഴ്ത്തുന്നതായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച മേൽപറഞ്ഞ ജീവനക്കാരിൽ നിന്നും സ്ഥാപന മേധാവികൾ പ്രാബല്യത്തീയതി പ്രകാരമുള്ള ഓപ്ഷൻ സ്വീകരിച്ച് ഇവരുടെ ശമ്പളം പുതുക്കി നിശ്ചയിക്കേണ്ടതാണ്.

പ്രൊമോഷൻ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
പി.ജയരാജ്
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1) എല്ലാ സ്ഥാപന മേധാവികൾക്കും.
2) സി.എ- ഡയറക്ടർ/ സീനിയർ എ.ഒ/ സീനിയർ എ.എ.
3) സൂപ്രണ്ട് സി സെക്ഷൻ/ ജെ സെക്ഷൻ/ സി5 സെക്ഷൻ.
4) കരുതൽ ഫയൽ.
5) നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്